**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ വനിതാ-ശിശു വികസന ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ വനിതാ-ശിശു വികസന ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വകുപ്പിന്റെ ജില്ലാതല ആഫീസു കളായ ജില്ലാ വനിതാ ശിശു വികസന ആഫീസ്, ജില്ലാ ശിശു സംരക്ഷണ ആഫീസ്, ജില്ലാതല ഐ സി ഡി എസ് പ്രോഗ്രാം ആഫീസ് എന്നിവയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 15 സെന്റ് സ്ഥലം (survey no. 135/86, മുല്ലയ്ക്കൽ വില്ലേജ്) കണ്ടെത്തി വകുപ്പിന് കൈമാറുന്നതിന്, ജില്ലാ കലക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | വനിതാ-ശിശു വികസന വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ എത്ര ഓഫീസുകളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ; | (ബി) | വനിതാ ശിശു വികസന വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ ആകെ 23 ഓഫീസുകളാണ് നിലവിലുള്ളത്. 4 ജില്ലാതല ആഫീസുകൾ (ജില്ലാ വനിതാ ശിശു വികസന ആഫീസ്, ജില്ലാ ശിശു സംരക്ഷണ ആഫീസ്, ജില്ലാതല ഐ സി ഡി എസ് പ്രോഗ്രാം ആഫീസ്, വനിതാ സംരക്ഷണ ആഫീസ്), 15 ഐ സി ഡി എസ് പ്രോജക്ട് ആഫീസുകൾ, 4 ക്ഷേമ സ്ഥാപനങ്ങൾ എന്നിവയാണ് നിലവിലുള്ളത്. |
| (സി) | പ്രസ്തുത ഓഫീസുകൾ വാടക കെട്ടിടത്തിൽ നിന്നും മാറ്റുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സ്വീകരിക്കും. വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ